അദ്ധ്യായം നൂറ്റി ആറ്

## ഖുറൈശ് (ഖുറൈശികൾ)

അവതരണം മക്കയിൽ, വചനങ്ങൾ 4

### അദ്ധ്യായ പരിചയം:

മക്കയിലെ പ്രമുഖ ഗോത്രമായിരുന്നു ഖുറൈശ്. പ്രവാചകൻ മുഹമ്മദ്(സ) ഈ ഗോത്രജനാണ്. കഅ്ബയുടെ പരിചരണം, ഹാജിമാർക്ക് ദാഹജലം നല്കൽ തുടങ്ങിയവയുടെ കാർമികത്വം കൊണ്ട് ഏറെ ശ്രദ്ധേയമായ പദവി അവർക്ക് അറേബ്യയിലുണ്ടായിരുന്നു. അതിനാൽ തന്നെ ഖുറൈശിഗോത്രത്തെ അറബികൾ എങ്ങും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ഇത് നിത്യജീവോപാധിയായ കച്ചവടത്തിൻെറ നാടുനീളെയുള്ള അവരുടെ മാർഗത്തെ എളുപ്പമാക്കി. അവരെ ശല്യപ്പെടുത്താൻ കൊള്ളക്കാരോ മറ്റോ ഉണ്ടായില്ല. ഇത് ഏകദൈവം അവർക്ക് മാത്രം ചെയ്തുകൊടുത്ത അനുഗ്രഹമായിരുന്നു. അതിനിടയിലാണ് യമനിൽനിന്ന് അബ്റഹത്ത് എന്നയാൾ തൻെറ ആനപ്പടയോടൊപ്പം കഅ്ബയെ നശിപ്പിക്കാൻ വന്നത്. കഅ്ബ ദൈവഭവനമാണെന്ന വിശ്വാസമായിരുന്നു ആദ്യകാലം മുതൽ തന്നെ അറബികൾക്കുണ്ടായിരുന്നത്. അതിനെ നശിപ്പിക്കാൻ വരുന്ന ആനപ്പടയെ എതിർക്കാനുള്ള ശക്തി അവർക്കില്ലായിരുന്നു. അതിനാൽ തന്നെ കഅ്ബയുടെ നാഥൻ തന്നെ അതിനെ സംരക്ഷിക്കുമെന്ന വിശ്വാസം അവർക്കുണ്ടായിരുന്നു. ഒടുവിൽ അതങ്ങനെതന്നെയാണ് സംഭവിച്ചതും. ഈ സംഭവത്തോടെ ഖുറൈശികളുടെ യശസ്സ് ഒന്നും കൂടി വർധിച്ചു. ഏകദൈവം അവർക്ക് ചെയ്തുകൊടുത്ത ഈവക ഔദാര്യങ്ങളെ ഉദ്ധരിച്ചു ഏകദൈവത്തെ മാത്രം ആരാധിക്കുവാൻ അവരോട് നിർദ്ദേശിക്കുകയാണ് ഈ അദ്ധ്യായത്തിലൂടെ ചെയ്യുന്നത്.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

لِإِيلَافِ قُرَيْشٍ ﴿١﴾ إِيلَافِهِمْ رِحْلَةَ الشِّتَاءِ وَالصَّيْفِ ﴿٢﴾ فَلْيَعْبُدُوا رَبَّ
هَٰذَا الْبَيْتِ ﴿٣﴾ الَّذِي أَطْعَمَهُم مِّن جُوعٍ وَآمَنَهُم مِّنْ خَوْفٍ ﴿٤﴾

### അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഖുറൈശികൾ ഇണങ്ങിയതിനാൽ;
2. ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രകളോട് അവർ ഇണങ്ങി.
3. അതിനാൽ ഈ മന്ദിരത്തിൻെറ നാഥനെ അവർ ആരാധിക്കട്ടെ;
5. അവർക്ക് വിശപ്പടക്കാൻ ആഹാരം നല്കുകയും ഭയമുക്തരാക്കി സുരക്ഷിതത്വം നല്കുകയും ചെയ്ത.

### വിശദീകരണം

ഉഷ്ണകാലത്ത് ശാമിലേക്കും ശൈത്യകാലങ്ങളിൽ യമനിലേക്കുമാണ് അറബികൾ കച്ചവടയാത്ര ചെയ്തിരുന്നത്. കാലാവസ്ഥയുടെ ഒരു ഘട്ടത്തിലും അവർക്ക് തങ്ങളുടെ വ്യാപാരം നിർത്തിവെക്കേണ്ടിവന്നിരുന്നില്ല. അതത്രെ ഒന്നും രണ്ടും വചനങ്ങളുടെ പ്രതിപാദ്യം.

അതോടൊപ്പം കഅ്ബയുടെ സേവകരെന്ന പരിഗണയായിരുന്നു അവർക്ക് അറേബ്യ മുഴുവൻ ഉണ്ടായിരുന്നത്. അതിനാൽതന്നെ അവരുടെ വഴി മുടക്കുവാനോ ഭയപ്പെടുത്തുവാനോ ആരും ഉണ്ടായിരുന്നില്ല. കൊള്ളക്കാരുടെ ശല്യമോ മാർഗതടസ്സമോ മറ്റുവിധത്തിലുള്ള ഭയമോ ആശങ്കയോ ഉണ്ടാക്കുന്ന ഒന്നും അവരുടെ യാത്രയെ അലട്ടിയിരുന്നില്ല. അതുകൊണ്ടുതന്നെ പട്ടിണി അവരെ ഒരിക്കലും ബാധിച്ചിരുന്നില്ല. കഅ്ബയുടെ നാഥൻ ചെയ്തുകൊടുത്ത ഈവക അനുഗ്രഹങ്ങളെ ഉദ്ധരിച്ചു കൊണ്ട് അവൻ അവരെ ഉണർത്തുന്നു, നിങ്ങൾക്ക് പട്ടിണിയോ ശത്രുഭയമോ ഇല്ലാത്ത വിധം നിങ്ങളുടെ പ്രശസ്തിക്ക് കാരണമായ ഈ കഅ്ബയുടെ നാഥനെ തന്നെ നിങ്ങൾ ആരാധിക്കുവിൻ. ഇതത്രെ മൂന്നും നാലും വചനങ്ങളുടെ പ്രതിപാദ്യം.